പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2894

28.01..2014 -ൽ
മറുപടിയ്ക്ക്

കുളത്തൂർ ടെക്നിക്കൽ ഹൈസ്ക്കൂളിന് നിർമ്മിച്ച കെട്ടിടം

*ചോദ്യം*
ശ്രീ. ബി. സത്യൻ

*ഉത്തരം*
ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കുളത്തൂർ ടെക്നിക്കൽ ഹൈസ്ക്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ എന്നാണ് ഭരണാനുമതി ലഭിച്ചത്; എത്ര രൂപയുടെതായിരുന്നു ഭരണാനുമതി ; | (എ) കുളത്തൂർ ഗവൺമെന്റ് ടെക്നിക്കൽ സ്ക്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 27.7.2009 ലെ **G.O.(Rt)No.1134/2009/H.Edn** സർക്കാർ ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാകുന്നു. 115 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. |
| (ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; എന്നാണ് പണി പൂർത്തിയായത്; പൂർത്തിയായ കെട്ടിടം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത്കൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2010 –ൽ ആരംഭിച്ചു. 2013 ഏപ്രിൽ മാസത്തോടുകൂടി പണി പൂർത്തീകരിച്ചു. പൂർത്തിയായ കെട്ടിടം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനോ മറ്റ് ഏതെങ്കിലും വകുപ്പിനോ കൈമാറിയിട്ടില്ല. |
| (സി) ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടി നിർമ്മിച്ച കെട്ടിടം മറ്റ് ഏതെങ്കിലും വകുപ്പിന് വിട്ടു നൽകാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; | & (ഡി) നിലവിൽ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ.സെൽവരാജ് അവർകളുടെ |

(ഡി) ടെക്നിക്കൽ ഹൈസ്കൂളിന് പ്രവർത്തിക്കാനുള്ള എല്ലാ ഭൗതിക സാഹചര്യവും നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഈ ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടം എന്തുകൊണ്ടാണ് സാങ്കേതിക വകുപ്പിന് കൈമാറാതിരുന്നതെന്ന് വ്യക്തമാക്കുമോ;

ശുപാർശയുടെ അടിസ്ഥാനത്തിലും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കുളത്തൂർ വില്ലേജിൽ കുളത്തൂർ ഗവ: വൊക്കേഷണൽ ആന്റ് ഹയർ സെക്കന്ററി സ്ക്കൂൾ സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 16 ഏക്കർ ഭൂമിയിൽ പണിപൂർത്തീകരിച്ച് കിടക്കുന്ന ഇരുനില മന്ദിരത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് 30.10.2013–ാം തീയതിയിലെ ജി.ഒ. (എം. എസ്) നം. 672/13/ഉ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പണി പൂർത്തിയായി ക്കിടക്കുന്ന കെട്ടിടം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറാൻ സാധിയ്ക്കാത്തത്. ടെക്നിക്കൽ ഹൈസ്ക്കൂളിനായി ബഹുമാനപ്പെട്ട എം.എൽ.എ. യുടെ ഫണ്ടിൽ നിന്നും പുതിയ കെട്ടിടം നിർമ്മിച്ചുനൽകാമെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം നിലവിൽ വരുന്നതോടെ ടെക്നിക്കൽ ഹൈസ്കൂളിന്റെ ഭൗതീക സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുന്നതാണ്.

| | | | |
|---|---|---|---|
| (ഇ) | ടെക്നിക്കൽ ഹൈസ്കൂളിന് സ്വന്തമായി എത്ര ഭൂമിയാണ് നിലവിൽ ഉള്ളത്; എങ്ങനെയാണ് ഈ ഭൂമി വകുപ്പിന് ലഭിച്ചത് ; | (ഇ) | ടെക്നിക്കൽ ഹൈസ്ക്കൂളിന് 5.90 ഏക്കർ (2.38 ഹെക്റ്റർ) ഭൂമിയാണ് നിലവിലുള്ളത്. റവന്യൂ വകുപ്പിന്റെ ജി..ഒ.(എം.എസ്) നം.612/90/ആർഡി തീയതി 5.10.1990 പ്രകാരമാണ് ഈ ഭൂമി വകുപ്പിന് ലഭിച്ചത്. |
| (എഫ്) | ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള ഭൂമി മറ്റ് ഏതെങ്കിലും വകുപ്പിന് കൈമാറാൻ സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ? | (എഫ്) | ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള ഭൂമി മറ്റ് ഏതെങ്കിലും വകുപ്പിന് കൈമാറാൻ സർക്കാർ ഉത്തരവിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ